**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 462** **28-06-2022 - ൽ മറുപടിയ്ക്ക്**

**മെഡിസെപ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മെഡിസെപ് പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച തീരുമാനത്തിന്റെ പുരോഗതി വിശദമാക്കാമോ; | (എ) | മെഡിസെപ് പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ഗുണഭോക്താക്കളുടെ വിവരശേഖരണത്തിന്റെ ഭാഗമായുള്ള തെറ്റുതിരുത്തലുകൾ, കൂട്ടിച്ചേർക്കലുകൾ, ഒഴിവാക്കലുകൾ എന്നിവ ഡി.ഡി.ഒ. /നോഡൽ ഓഫീസർ/ ട്രഷറി ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ നടന്നുവരുന്നു. കൂടാതെ വിവരശേഖരണത്തിലൂടെ ഇതുവരെ സമാഹരിച്ച ഗുണഭോക്താക്കളുടെ വിവരങ്ങൾ കമ്പനിയ്ക്ക് ഇതിനോടകം തന്നെ കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി തെരെഞ്ഞെടുത്ത ഓറിയന്റൽ ഇൻഷുറൻസ് കമ്പനി തയ്യാറാക്കുന്ന ഹോസ്പിറ്റൽ എംപാനൽമെന്റ് ലിസ്റ്റ് അടിയന്തിരമായി സർക്കാറിന് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശവും കമ്പനിയ്ക്ക് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരസ്പര ഉടമ്പടിയിൽ ഏർപ്പെട്ടുകൊണ്ട് പദ്ധതി ഉടൻ തന്നെ നടപ്പിൽ വരുത്തുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി എന്ന് മുതൽ നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | മെഡിസെപ് പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ഗുണഭോക്താക്കളുടെ വിവരശേഖരണത്തിന്റെ ഭാഗമായുള്ള തെറ്റുതിരുത്തലുകൾ, കൂട്ടിച്ചേർക്കലുകൾ, ഒഴിവാക്കലുകൾ എന്നിവ ഡി.ഡി.ഒ. /നോഡൽ ഓഫീസർ/ ട്രഷറി ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ നടന്നുവരുന്നു. കൂടാതെ വിവരശേഖരണത്തിലൂടെ ഇതുവരെ സമാഹരിച്ച ഗുണഭോക്താക്കളുടെ വിവരങ്ങൾ കമ്പനിയ്ക്ക് ഇതിനോടകം തന്നെ കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി തെരെഞ്ഞെടുത്ത ഓറിയന്റൽ ഇൻഷുറൻസ് കമ്പനി തയ്യാറാക്കുന്ന ഹോസ്പിറ്റൽ എംപാനൽമെന്റ് ലിസ്റ്റ് അടിയന്തിരമായി സർക്കാറിന് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശവും കമ്പനിയ്ക്ക് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് |

| | | | |
|---|---|---|---|
| | | | പരസ്പര ഉടമ്പടിയിൽ ഏർപ്പെട്ടുകൊണ്ട് പദ്ധതി ഉടൻ തന്നെ നടപ്പിൽ വരുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ